# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5062 01.07.2013-ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ വഴിയുള്ള പ്രവർത്തനങ്ങൾക്ക് സഹായം

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. രാജു എബ്രഹാം

**ഉത്തരം**

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷൻ വഴി യുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാ മാണ് ; ഈ വർഷത്തെ ബജറ്റിൽ ഇതിനായി എത്ര കോടിരൂപ വകയിരുത്തിയിട്ടുണ്ട്; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന് ഓഹരിമൂലധനം വകയിരുത്താറുണ്ട്. കൂടാതെ എം.എഫ്.പി (Minor Forest Produce) പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് ഇൻ എയിഡ് ലഭ്യമാക്കാറുണ്ട്. ഇതിനായി ഫെഡറേഷൻ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ വഴി കേന്ദ്രസർക്കാരിലേക്ക് സമർപ്പിക്കുകയും ഫണ്ട് ലഭ്യമാകു മ്പോൾ ടി പ്രൊപ്പോസൽ സംസ്ഥാ നതല വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് വഴി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് നൽകുകയും ചെയ്യുന്നു.<br>പട്ടികജാതി വികസന വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഫെഡറേഷനുള്ള ഓഹരി മൂലധനമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫെഡറേഷനിൽ അംഗത്വമുള്ള പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സാമ്പത്തിക ഉന്നമന പ്രവർത്തന ങ്ങൾക്കായി പ്രോജക്ട് അടിസ്ഥാ നത്തിൽ സാമ്പത്തിക സഹായം നൽകുന്നതിനും ഫെഡറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പിനും ആയുർവേദ യൂണിറ്റായ ആയുർ ധാരയ്ക്കും ഫെഡറേഷന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായമായുമാണ് ഈ തുക |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്രസഹായം ലഭ്യമാകുന്ന മുറയ്ക്ക് നൽകാനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന ബഡ്ജറ്റിൽ എസ്സി/എസ്റ്റി ഫെഡറേഷന് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം എത്ര; അതിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട കേന്ദ്രസർക്കാരിൽ നിന്നും ധനസഹായത്തിനായി 2012-13 സാമ്പത്തിക വർഷത്തിൽ 450 ലക്ഷം രൂപയുടേയും 2013-14 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപയുടേയും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഫെഡറേഷന്റെ അംഗസംഘങ്ങൾ എത്രയാണ്; ഇവയെ സഹായിക്കുന്നതിനായി നിലവിലുള്ള ബജറ്റ് വിഹിതം എത്രയെന്നറിയിക്കുമോ ? | (സി) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ കീഴിൽ വരുന്ന അംഗസംഘങ്ങൾ 645 ആണ്. പട്ടികജാതി വികസന വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഫെഡറേഷനുള്ള ഓഹരി മൂലധന മായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബഡ്ജറ്റിൽ ഫെഡറേഷനായി ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത്. കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം തുക ലഭ്യമാകുന്ന മുറയ്ക്ക് ഫെഡറേഷന് നൽകുന്നതാണ്. |

Sal... K.J

**സെക്ഷൻ ആഫീസർ**